പുത്തൻചേരി ഗവൺമെന്റ് എൽ. പി. എസ്.-ന് കെട്ടിടം പണിയാൻ നടപടി

19 [316] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പുത്തൻചേരി ഗവൺമെന്റ് എൽ. പി. സ്കൂളിന് പഞ്ചായത്തും പി. ടി. എ.-യും സ്കൂൾ നിലനിൽക്കുന്ന സ്ഥലം വാങ്ങി സർക്കാരിൽ ഏല്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും വിവരം വിദ്യാഭ്യാസ വകുപ്പിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എന്തൊക്കെ നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ;

(ബി) ഈ സ്ഥലം സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് എസ്. എസ്. എ. ഫണ്ടിൽ നിന്നും പ്രസ്തുത സ്കൂളിനു കെട്ടിടം പണിയുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. പി. ടി. എ.-യും പഞ്ചായത്തും സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തുനിന്നും അല്പം അകലെ മറ്റൊരു സ്ഥലം വാങ്ങുന്നതിന് ശ്രമം നടത്തി വരുന്നു.

(ബി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് എസ്. എസ്. എ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കുന്നതാണ്.

എസ്. എസ്. എൽ. സി. പരീക്ഷയുടെ ഗ്രേസ് മാർക്ക്

20 [317] ശ്രീ. വി. ഡി. സതീശൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷക്കിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെല്ലാം പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന്റെ പേരിലാണ് ഗ്രേസ് മാർക്ക് നൽകുന്നത്; എത്ര മാർക്കാണ് ഗ്രേസ് മാർക്കായി നൽകുന്നത് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള ഗൈഡ്ലൈൻസ് എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രേസ് മാർക്ക് നൽകുന്നതു കൊണ്ട് ഒരു കുട്ടിക്ക് എ+ എന്ന ഗ്രേഡ് കിട്ടുമെങ്കിൽ ആ കുട്ടിക്ക് ഗ്രേസ് മാർക്ക് നൽകുകയില്ലേ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ;

(സി) നന്നായി പഠിക്കുന്ന കുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പ്രചോദനം ഈ വിലക്കുമൂലം ഇല്ലാതാകുകയില്ലേ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കലോത്സവം, സംസ്കൃതോത്സവം, അറബിക് കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം സംസ്ഥാന ശാസ്ത്ര, ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകൾ, ദക്ഷിണേന്ത്യൻ ശാസ്ത്രമേള, ദേശീയ ശാസ്ത്രമേള, ശാസ്ത്ര നാടക മത്സരം, രാഷ്ട്രപതി രാജ്യപുരസ്കാർ സർട്ടിഫിക്കറ്റുകൾ എൻ.സി.സി., കായിക രംഗം എന്നീ ഇനങ്ങളിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. ഗ്രേസ് മാർക്ക് നൽകുന്നതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) & (സി) ഗ്രേസിംഗ് നിലവിൽ വന്നതോടെ, ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള പരിധി എ ഗ്രേഡിന്റെ റേഞ്ചിൽ (80-89%) നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഗ്രേസ് മാർക്കിന് അർഹതയില്ല. ഗ്രേഡിംഗ് രീതിയിൽ, ലഭിച്ച മാർക്കിന് പ്രസക്തിയില്ലാത്തതിനാൽ എ+ ഗ്രേഡ് (90-100%) ലഭിച്ചവർക്ക് ഗ്രേസ് മാർക്കിന്റെ ആവശ്യകതയില്ലാതാകുന്നു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് മറ്റ് തരത്തിലുള്ള അംഗീകാരവും സമ്മാനങ്ങളും ലഭിക്കുന്നുണ്ട്.

എല്ലാ ഗ്രേഡ്കാർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരുന്നുണ്ട്.

അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി

21 [318] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാനായ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച വെങ്ങാന്നൂരിലെ സ്കൂൾ, ഹൈസ്കൂളായി ഉയർത്തണമെന്ന നിവേദനം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാനായ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച വെങ്ങാന്നൂരിലെ സ്കൂൾ, ഹൈസ്കൂളായി ഉയർത്തണമെന്ന നിവേദനം സംസ്ഥാന സർക്കാരിന് 11-3-2004-ൽ ലഭിച്ചു.

(ബി) എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിവേദനത്തിൻമേലുള്ള നടപടികൾ തീർപ്പാക്കുകയും ചെയ്തു. നയപരമായ തീരുമാനമെടുക്കുമ്പോൾ ഈ സ്കൂളിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 20 [317]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

(i)	സംസ്ഥാന സ്കൂൾ കലോത്സവം സംസ്കൃതോത്സവം, അറബിക് കലോത്സവം സ്പെഷ്യൽ സ്കൂൾ കലോത്സവം	'എ' ഗ്രേഡ് 30 മാർക്ക് 'ബി' ഗ്രേഡ് 24 മാർക്ക് സി ഗ്രേഡ് 18 മാർക്ക് ഡി ഗ്രേഡ് 12 മാർക്ക് ഇ ഗ്രേഡ് 6 മാർക്ക്
(ii)	സംസ്ഥാന ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തി പരിചയമേള	1-ാം സ്ഥാനം: 5% 2-ാം സ്ഥാനം: 5% 3 -ാം സ്ഥാനം: 3%
(iii)	ദക്ഷിണേന്ത്യൻ ശാസ്ത്രമേള	1-ാം സ്ഥാനം: 15% 2-ാം സ്ഥാനം: 13% 3-ാം സ്ഥാനം: 11%
(iv)	ദേശീയ ശാസ്ത്രമേള	പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും 15%
(v)	രാഷ്ട്രപതി സ്കൗട്ട്/ഗൈഡ്	10%
(vi)	രാജ്യ പുരസ്ക്കാർ	5%
(vii)	എൻ. സി. സി.	10%
(viii)	സംസ്ഥാനതല കായിക മത്സരങ്ങൾ:	1-ാം സ്ഥാനം നേടുന്നവർക്ക് 5% മുതൽ 10%വരെ (ഡി+ഗ്രേഡ് ലഭിക്കുവാൻ വേണ്ട മാർക്ക്) 2-ാം സ്ഥാനം: 5% 3-ാം സ്ഥാനം: 3%
(ix)	ദേശീയതല കായിക മത്സരങ്ങൾ:	1-ാം സ്ഥാനം 15% 2-ാം സ്ഥാനം 13% 3-ാം സ്ഥാനം 11% പങ്കെടുക്കുന്നവർക്ക്: 10%
(x)	അന്തർ ദേശീയതല കായിക മത്സരങ്ങൾ:	അന്തർ ദേശീയ തലത്തിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നവർക്ക് 20% മാർക്ക് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly